**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5107** **20-07-2022 - ൽ മറുപടിയ്ക്ക്**

**ഹൗസിംഗ് ബോർഡ് ജീവനക്കാരുടെ ശമ്പളം/പെൻഷൻ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ഹൗസിംഗ് ബോർഡ് ജീവനക്കാരുടെ ശമ്പളവും പെൻഷനും മുടങ്ങാനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | വായ്പ, റവന്യൂ റിക്കവറി, ഹയർ പർച്ചേസ്, വാടക, സർവ്വീസ് ചാർജ്ജ് എന്നീ റവന്യൂ വരുമാനങ്ങളിൽ നിന്നുമാണ് ഭവന നിർമ്മാണ ബോർഡ് ജീവനക്കാരുടെ ശമ്പളവും പെൻഷനും നൽകി വരുന്നത്. വായ്പ തിരിച്ചടവ് കുറഞ്ഞതിനാലും വാടക കൃത്യമായി ലഭിക്കാത്തതും ബോർഡിന്റെ വരുമാനം കുറയുവാനിടയായി. ജീവനക്കാരുടെ ശമ്പളവും പെൻഷനും നൽകാനായി മാത്രം പ്രതിമാസം ശരാശരി 3.60 കോടി രൂപ വേണമെന്നിരിക്കെ ബോർഡിലെ ശരാശരി വരുമാനം 2 കോടി രൂപയ്ക്ക് താഴെയാണ്. ഈ സാഹചര്യമാണ് ബോർഡ് ജീവനക്കാരുടെ ശമ്പളവും പെൻഷനും മുടങ്ങാൻ ഇടയായിട്ടുള്ളത്. |
| (ബി) | 2015-ന് ശേഷം ഹൗസിംഗ് ബോർഡിൽ നിന്നും എത്ര ജീവനക്കാരാണ് വിരമിച്ചിട്ടുള്ളത്; | (ബി) | 227 ജീവനക്കാർ വിരമിച്ചു. |
| (സി) | ഇവരുടെ പെൻഷൻ ആനുകൂല്യമായി എത്ര രൂപയാണ് വിതരണം ചെയ്യാനുള്ളത്; ശമ്പളവും പെൻഷനും മുടങ്ങിയതുമൂലം ഹൗസിംഗ് ബോർഡിലെ ജീവനക്കാർ അഭിമുഖീകരിക്കുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | 30.06.2022 ലെ കണക്കനുസരിച്ച് 60.84 കോടി രൂപയാണ് പെൻഷൻ ആനുകൂല്യമായി വിതരണം ചെയ്യാനുള്ളത്. ശമ്പളവും പെൻഷനും മുടങ്ങിയത് മൂലം ബോർഡിലെ ജീവനക്കാർ അഭിമുഖീകരിക്കുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | സർക്കാരിൽ നിന്നും ഹൗസിംഗ് ബോർഡിന് ലഭിക്കാനുള്ള കുടിശ്ശിക തുക/ഫണ്ടിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; ഈ തുക എത്രയും വേഗം വിതരണം ചെയ്ത് ഹൗസിംഗ് ബോർഡ് ജീവനക്കാരുടെ ശമ്പളം, പെൻഷൻ പ്രതിസന്ധി എന്നിവ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് സർക്കാർ അനുവദിക്കേണ്ടതായ 283.16 കോടി രൂപയിൽ 40 കോടി രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. ബാക്കി തുക അനുവദിക്കുന്ന കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ